# മന്ത്രിസഭാ തീരുമാനങ്ങൾ

## (11.03.2010)

- സെറിഫെഡ് നീക്കംചെയ്യുന്നതിനും ജീവനക്കാരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ഗ്രാമവികസനവകുപ്പ് ഡയറക്ടറേറ്റ് ഖാദി ഗ്രാമവ്യവസായ ബോർഡ് എന്നിവിടങ്ങളിൽ നിയമിക്കുവാനും തീരുമാനിച്ചു.

- കൊല്ലം ജില്ലയിലെ പുത്തൂർ, കാസർകോഡ് ജില്ലയിലെ വിദ്യാനഗർ, എറണാകുളം ജില്ലയിലെ ആലുവ വെസ്റ്റ് എന്നിവിടങ്ങളിൽ പൊലീസ് സ്റ്റേഷൻ ആരംഭിക്കുവാൻ തീരുമാനിച്ചു. ഇതിനാവശ്യമായ തസ്തികകൾ സൃഷ്ടിക്കുവാനും തീരുമാനിച്ചു.

- 96 കോടി രൂപ മൊത്തം ചിലവ് വരുന്ന സി.എഫ്.എൽ. വിളക്കുകളുടെ വിതരണ പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ചു.

- ഐ.ടി.ഐ.കളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതിയുടെ ഭാഗമായി ഏഴ് ഐ.ടി.ഐ.കളിൽ 46 തസ്തികകൾ സൃഷ്ടിക്കുവാൻ തീരുമാനിച്ചു.

- തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിൽ ഇരുപത് സ്റ്റാഫ് നഴ്സുമാരുടെ തസ്തിക സൃഷ്ടിക്കുവാൻ തീരുമാനിച്ചു.

- സംയോജിത ട്രഷറി മാനേജ്മെന്റ് പ്രോജക്ടിന്റെ ഭാഗമായി ട്രഷറികളിൽ എ.ടി.എം. സ്ഥാപിക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് അംഗീകരിച്ചു. ട്രഷറികളുടെ നവീകരണ പ്രക്രിയയുടെ തുടർച്ചയാണ് ഈ പദ്ധതി. ട്രഷറിയിൽ നിന്ന് ലഭിക്കുന്ന വിവിധ സേവനങ്ങൾ ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ ഇടപാടുകാർക്ക് ലഭ്യമാക്കുന്നതിനും, ട്രഷറികളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുമുള്ളതാണ് പദ്ധതി.

- കയർഫെഡിന്റെ പുനരുദ്ധാരണ പാക്കേജ് അംഗീകരിച്ചു.

- കേരളത്തിലെ യോഗാ പ്രകൃതി ചികിത്സകർക്ക് വ്യവസ്ഥകൾക്ക് വിധേയമായി 'ബി' ക്ലാസ് രജിസ്ട്രേഷൻ അനുവദിക്കുന്നതിന് തീരുമാനിച്ചു. എം.ജി. യൂണിവേഴ്സിറ്റി നൽകുന്ന ഡിപ്ലോമ കോഴ്സ് പാസാകുന്നവരെ നിബന്ധനകളിൽ നിന്ന് ഒഴിവാക്കുവാനും തീരുമാനിച്ചു.

- വെള്ളറട പഞ്ചായത്തിൽ കിളിയൂരിൽ നടന്ന തൊഴിൽ ഉറപ്പ് പദ്ധതി യോഗത്തിലേക്ക് ലോറി പാഞ്ഞ് കയറിയുണ്ടായ അപകടത്തിൽ മരണമടഞ്ഞ സുശീല, ശാന്ത, ഷീജ എന്നിവരുടെ കുടുംബത്തിന് മൂന്നുലക്ഷം രൂപ വീതം ധനസഹായം നൽകാനും പരിക്കേറ്റവർക്ക് സൗജന്യ ചികിത്സ നൽകാനും തീരുമാനിച്ചു.

- ബന്ദിപ്പൂർ വനമേഖലയിലൂടെ രാത്രിഗതാഗതം നിരോധിച്ചുകൊണ്ടുള്ള കർണ്ണാടക ഹൈക്കോടതി വിധിക്കെതിരെ സുപ്രീംകോടതിയിൽ അപ്പീൽ നൽകാൻ തീരുമാനിച്ചു. ഈ പ്രശ്നത്തിൽ കേന്ദ്രഗവൺമെന്റ് അടിയന്തിരമായി ഇടപെടാൻ ആവശ്യപ്പെട്ട് ഒരു സർവ്വകക്ഷി സംഘത്തെ അയക്കുവാനും തീരുമാനിച്ചു.

******